# ST THOMAS COLLEGE (AUTONOMOUS), THRISSUR

**NEWSLETTER**

20 February 2022

Vision: Transforming Youth through Holistic Education towards an Enlightened Society




## CALICUT UNIVERSITY INTERCOLLEGIATE SOFT TENNIS CHAMPIONSHIP 2021- 22




**ST. THOMAS COLLEGE THRISSUR**

Calicut University Intercollegiate Soft Tennis Championship was bagged by St. Thomas College team.

അന്തർ സർവകലാശാല വനിതാ അത്‌ലറ്റിക് മീറ്റ്

# കിരീടം ചൂടാൻ കലിക്കറ്റ്

**21 മുതൽ ഭുവനേശ്വറിൽ നടക്കുന്ന മീറ്റിലേക്ക് കലിക്കറ്റിന് 22 അംഗ സംഘം**

ജിജോ ജോർജ്

മലപ്പുറം

കിരീടം നേടാനുറച്ചാണ് അഖിലേന്ത്യാ അന്തർ സർവകലാശാല അത്‌ലറ്റിക് മീറ്റിനായി കലിക്കറ്റിന്റെ പെൺകുട്ടികളുടെ യാത്ര. 21മുതൽ 24വരെ ഒഡിഷയിലെ ഭുവനേശ്വറിലാണ് വനിതാ വിഭാഗം മീറ്റ്. അവസാനം നടന്ന മീറ്റിൽ മൂന്നാം സ്ഥാനത്തായിരുന്നു. കഴിഞ്ഞവർഷം കോവിഡ് കാരണം മീറ്റ് നടന്നില്ല. പുരുഷന്മാരുടെ മീറ്റ് ജനുവരി നാലുമുതൽ ഏഴുവരെ മംഗളൂരുവിലാണ് നടന്നത്. ജനുവരി 12മുതൽ 15വരെ നടത്താൻ നിശ്ചയിച്ചിരുന്ന വനിതാ മീറ്റ് കോവിഡ് വ്യാപനത്തെ തുടർന്ന് നീണ്ടുപോവുകയായിരുന്നു.

സർവകലാശാല സിന്തറ്റിക് ട്രാക്കിൽ രണ്ടാഴ്ച നീണ്ട പരിശീലനശേഷമാണ് ടീം പുറപ്പെടുന്നത്. 26 അംഗ ടീമിനെയാണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും 22 പേരാണ് വ്യാഴാഴ്ച വൈകിട്ട് ഭുവനേശ്വറിലേക്ക് പുറപ്പെട്ടത്. ആൻ റോസ് ടോമി (100മീ, 100മീ ഹർഡിൽസ്), ആർ ആരതി (400മീ, 400മീ ഹർഡിൽസ്), സാന്ദ്ര ബാബു (ലോങ് ജമ്പ്, ട്രിപ്പിൾജമ്പ്), മീരാ ഷിബു (ഹൈജമ്പ്, ട്രിപ്പിൾജമ്പ്), ടി ജെ ജംഷീല (200മീ, 400മീ) തുടങ്ങിയവർ കലിക്കറ്റിന്റെ ഉറച്ച മെഡൽ പ്രതീക്ഷകളാണ്. സേവ്യർ പൗലോസ്, കെ പി ശ്രീനാഥ്, ജീഷ് കുമാർ എന്നിവരാണ് പരിശീലകർ.



അഖിലേന്ത്യാ അന്തർ സർവകലാശാല വനിതാ അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്ന കലിക്കറ്റിലെ താരങ്ങൾ

## ദേശീയ ക്യാമ്പിലുള്ളവർക്ക് അനുമതി വേണം

ഇന്ത്യൻ ക്യാമ്പിലുള്ള കലിക്കറ്റിന്റെ താരങ്ങളായ ആൻസി സോജനും പി ഡി അഞ്ജലിക്കും അഖിലേന്ത്യാ സർവകലാശാല മീറ്റിൽ പങ്കെടുക്കാൻ അനുമതി ലഭിക്കാത്തത് ടീമിന് തിരിച്ചടിയാണ്. മീറ്റിൽ പങ്കെടുക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സർവകലാശാല അധികൃതർ അഖിലേന്ത്യാ അത്‌ലറ്റിക് ഫെഡറേഷന് കത്തയച്ചിട്ടുണ്ടെങ്കിലും ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. ഇരുവരും ടീമിനൊപ്പം ചേർന്നാൽ പ്ര... ന്റ് ഇനങ്ങളിലും 4X100 മീറ്റർ റിലേയിലും കലിക്കറ്റിന് മെഡൽ ഉറപ്പിക്കാം. പി ഡി അഞ്ജലി 100, 200 മീറ്ററുകളിലും ആൻസി സോജൻ 200മീ, ലോങ്ജമ്പ് ഇനങ്ങളിലുമാണ് മത്സരിക്കുക.

## ഈ സീസണിൽ 3 കിരീടം

കലിക്കറ്റ് ഈ അധ്യയനവർഷം മൂന്ന് അഖിലേന്ത്യാ കിരീടം നേടിക്കഴിഞ്ഞു. പുരുഷ വിഭാഗം ഫുട്ബോൾ, വോളിബോൾ, വനിതാ ബേസ്ബോൾ കിരീടങ്ങളാണ് നേടിയത്.

## സി അനശ്വര നയിക്കും



സി അനശ്വര

അഖിലേന്ത്യാ അന്തർ സർവകലാശാല വനിതാ അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്ന കലിക്കറ്റ് ടീമിനെ തൃശൂർ സെന്റ് തോമസ് കോളേജിലെ സി അനശ്വര നയിക്കും. പോൾവോൾട്ട് താരമായ അനശ്വര എംഎ ഇംഗ്ലീഷ് വിദ്യാർഥിയാണ്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ എം പി അർച്ചനയാണ് വൈസ് ക്യാപ്റ്റൻ.

ദേശാഭിമാനി Fri, 18 February 2022
https://epaper.deshabhimani.com/c/66305379

C. Anaswara of our College will lead the Calicut University team for All India Inter University Women Athletic meet.




NSS unit of the College organised a speech competition on the occasion of World Day of Social Justice on 20 February 2022.




NSS unit of the College observed World Day of Social Justice on 20 February 2022.